DESPATCHED On 29/06/2020
27/2/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.2227(5)/19/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 15977/SIC-G7/2019**

**സന്നിഹിത**
**ശ്രീമതിശ്രീലതപി.ആർ.,സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| **ശ്രീ. ഉണ്ണികൃഷ്ണൻ,<br>പുളിഞ്ചേരി വീട്,<br>മുളംകുന്നത്ത് കാവ്,<br>മലവാഴി– 680 581.** | **അപ്പീൽഹർജിക്കാരൻ** |
| **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്,<br>ഇരിങ്ങാലക്കുട, തൃശ്ശൂർ.<br><br>അപ്പീൽ അധികാരി &<br>മേഖലാ എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ,<br>റീജിയണൽ എംപ്ലോയ്മെൻറ് ഡെപ്യൂട്ടി<br>ഡയറക്ടറുടെ കാര്യാലയം,<br>സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം.** | **എതിർകക്ഷികൾ** |

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 11.06.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 2.07.2019 |
| ഒന്നാം അപ്പീൽ | 25.07.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 27.08.2019 |
| രണ്ടാം അപ്പീൽ | 23.09.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 24.02.2020,വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്,തൃശ്ശൂർ |
| എതിർകക്ഷി<br><br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നില്ല |

1. അപ്പീൽ ഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലൂടെ ആവശ്യപ്പെട്ടത് ശ്യാംലാൽ. ആർ. എൽ (രാമംകുളത്ത് ഹൗസ്, മാപ്രാണം, തൃശ്ശൂർ എന്ന പേരിൽ ഈ അഡ്രസ്സിൽ ടി ഓഫീസിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥി, പേര് രജിസ്റ്റർ ചെയ്തതിന് ശേഷം ടി ഓഫീസിലേയ്ക്ക് നൽകിയ അപേക്ഷകളുടേയും

അപേക്ഷകൾക്ക് ഈ ഓഫീസ് നൽകിയ മറുപടിയുടെയും പകർപ്പ്, ജനറൽ കാറ്റഗറിയിൽ അഥവാ ജനറൽ വിഭാഗത്തിൽ ഒഴിവുള്ള ജോലിയിൽ പ്രവേശനം ലഭിക്കുന്നതിന് സംവരണ ആനുകൂല്യം ഉള്ളവർക്ക് പ്രത്യേക പരിഗണന ഉണ്ടോ/ ഉണ്ടെങ്കിൽ ആയത് തെളിയിക്കുന്ന നിയമത്തിന്റെ ഉത്തരവുകളുടെ/ സർക്കുലറുകളുടെ പകർപ്പ് എന്നിവയാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകകക്ഷിയിൽ നിന്നും വിവരം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു.

3. നേർവിചാരണയ്ക്ക് ഹാജരായ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. അപ്പീൽഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലെ ഒന്നാമത്തെ ചോദ്യത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഒരു മൂന്നാം കക്ഷി വിവരമായതു കൊണ്ട് വിവരാവകാശ നിയമം 2005 ലെ വകുപ്പ് 11(1) പ്രകാരം 17.06.2019 തീയതി മൂന്നാംകക്ഷിയ്ക്ക് നോട്ടീസ് നൽകുകയും 25.06.2019 തീയതിലെ കത്ത് പ്രകാരം ടിയാൻ വിവരം നൽകേണ്ടതില്ല എന്നറിയിക്കുകയും പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിക്കാരന് മറുപടി നൽകി എന്നും രണ്ടാമത്തെ ചോദ്യത്തിന് വിവരം നൽകി എന്നുമാണ്.

4. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ, പ്രസ്തുത അപേക്ഷയ്ക്ക് നിയമാനുസൃതമായ വിവരമാണ് ലഭ്യമായിട്ടുള്ളത് എന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ ഒന്നും രണ്ടും എതിർകക്ഷികളുടെ നടപടി ശരിവച്ച് ഈ അപ്പീൽ ഹർജി **ഇന്നേദിവസം 2020 മാർച്ച് മാസം 6–ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)

**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

RIGHT TO INFORMATI